**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2148** **16.08.2017 ൽ മറുപടിയ്ക്ക്**

## കായികതാരങ്ങൾക്ക് സർക്കാർജോലി

**ചോദ്യം**

ശ്രീ.പി.ടി.എ. റഹീം

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | കായികരംഗങ്ങളിൽ മികവ് തെളിച്ചവർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | എ) | താഴെ പറയും വിധം കായിക നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളതും വിജ്ഞാപനം ചെയ്തിട്ടുള്ള തസ്തികകൾക്ക് ആവശ്യമായ മിനിമം വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ കായികതാരങ്ങൾക്കാണ് സ്പോർട്സ് ക്വാട്ടാ നിയമനം ലഭിക്കുവാൻ അർഹത ഉള്ളത്.<br>(i) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോക കപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.<br>(ii) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.<br>(iii) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ. |
| ബി) | ഓരോ കായിക ഇനത്തിലും പ്രത്യേകമായാണോ ജോലിക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നത്; | ബി) | നിലവിലുള്ള മാനദണ്ഡമനുസരിച്ച് അപേക്ഷകരുടെ കായിക നേട്ടങ്ങൾ ഉൾപ്പെടുത്തി ഓരോ വർഷത്തേയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷകളാണ് സമർപ്പിക്കേണ്ടത്. ഒരു ഉദ്യോഗാർത്ഥി പല ഇനങ്ങളിൽ വിജയങ്ങൾ നേടിയിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ ഏറ്റവും ഉയർന്ന വിജയം പരിഗണിക്കുന്നതായിരിക്കും. |
| സി) | കായികതാരങ്ങൾക്ക് സർക്കാർജോലി നൽകുന്നതിന് ഏറ്റവുമൊടുവിൽ എന്നാണ് അപേക്ഷ ക്ഷണിച്ചത്; | സി) | 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേക്കുള്ള സ്പോർട്സ് ക്വാട്ട നിയമനത്തിനായി 07.12.2015 ലെ 14652/എസ്.ഡി 1/2012/പൊ.ഭ.വ നമ്പർ വിജ്ഞാപന പ്രകാരമാണ് അപേക്ഷകൾ ക്ഷണിച്ചത്. |

| | | | |
|---|---|---|---|
| ഡി) | ഇത പ്രകാരം ലഭിച്ച അപേക്ഷകളിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | ഡി) & ഇ) | ലഭ്യമായ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന ജോലികൾക്കായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിന്റെ കീഴിൽ നിയമന നടപടികൾ പുരോഗമിക്കുന്നു. |
| ഇ) | കായികതാരങ്ങൾക്ക് സർക്കാർജോലി നൽകുന്നതിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ